(*d*) is it true that patients are often directed to go to Madras or other places for deep X-Ray treatment as one deep X-Ray machine is lying idle in the General Hospital ?

Minister for Finance and Renenue **(Sri. A. J. John)** :

(*a*) Two.
(*b*) No.
(*c*) For about two weeks one machine was not in working order.
(*d*) No.

ശ്രീ. ഈപ്പൻ അറക്കൽ : ഇതിനു് ജനറൽ ആശുപത്രിയിലുള്ള വിദഗ്ധനായ ഡാക്ടർ ആരാണു്?

ശ്രീ. എ. ജെ. ജാൺ : ശ്രീ. എ. കെ. ജേക്കബ്.

സംസ്ഥാനത്തു് ആകെയുള്ള ആശുപത്രികളും ഡിസ്പെൻസറികളും

*൩൯൯. (൨൯) ശ്രീ. അലക്സാണ്ടർ വാകയിൽ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവിതാംകൂർ-കൊച്ചി എന്നീ വിഭാഗങ്ങളിൽ യഥാക്രമം ആകെ എത്ര സർക്കാർ ആശുപത്രികളും ഡിസ്പെൻസറികളും ഉണ്ടു്?

(ബി) കൊച്ചി വിഭാഗത്തിൽ എത്ര ഗ്രാൻറ്-ഇൻ-എയിഡ് ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ടു്?

(സി) ഇത്തരം ഓരോ ഡിസ്പെൻസറിക്കും പ്രതിവർഷം നൽകുന്നുണ്ടു് എത്ര സംഖ്യ ഗ്രാൻറ് നൽകുന്നുണ്ടു്?

(ഡി) കൊച്ചിയിൽ പ്രവർത്തനം ചെയ്യുന്നതുപോലെയുള്ള ഗ്രാൻറ്-ഇൻ-എയിഡ് ഡിസ്പെൻസറികൾ തിരുവിതാംകൂറിലുണ്ടോ?

(ഇ) തിരുവിതാംകൂറിൽ പ്രൈവറ്റ് പ്രാക്ടീസു് നടത്തുന്ന എത്ര ഡിസ്പെൻസറികൾ ഉണ്ടു്; അവ ഏതെല്ലാം.

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ) : (എ) തിരുവിതാംകൂറിൽ ൩൨ ആശുപത്രികളും ൨൨൫ ഡിസ്പെൻസറികളും ഉണ്ടു്. കൊച്ചിയിൽ ൨൫ ആശുപത്രികളും ൨൭ ഡിസ്പെൻസറികളുമുണ്ടു്.

(ബി) ൨൪.

(സി) ൨൦൦൦ രൂപായുടെ മരുന്നും ഡാക്ടർക്കു് മാസത്തിൽ ൭൫ രൂപാ അലവൻസും ക്ഷാമബത്തയും.

(ഡി) ഇല്ല.

(ഇ) തിരുവിതാംകൂറിലെ പ്രൈവറ്റ് ഡിസ്പെൻസറികൾ സംബന്ധിച്ചുള്ള പൂർണ്ണവിവരങ്ങൾ കിട്ടിയിട്ടില്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ : കൊച്ചിയിൽ പ്രൈവറ്റ് ഡിസ്പെൻസറികൾക്കു കൊടുക്കുന്ന ധനസഹായം തിരുവിതാംകൂറിലെ പ്രൈവറ്റ് ഡിസ്പെൻസറികൾക്കു് കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ : കൊച്ചിയിലും ഇവിടെയും ഡിസ്പെൻസറി നടത്തുന്നതു് സംബന്ധിച്ചു് ചില വ്യത്യാസങ്ങൾ ഉണ്ടു്. കൊച്ചിയിൽ ഏതെങ്കിലും ഒരു സ്ഥലത്തു് ഒരു ഡിസ്പെൻസറി വേണമെന്നു് തീരുമാനിക്കയാണെങ്കിൽ അവിടെ ഏതെങ്കിലും ഡാക്ടർ ഉണ്ടെങ്കിൽ മരുന്നുകളും ഒരു അലവൻസും കൊടുക്കുകയാണു് ചെയ്യുന്നതു്. നേരെ മറിച്ചു് തിരുവിതാംകൂറിൽ നിലവിലുള്ള ആശുപത്രികൾക്കു് ഗ്രാൻറ് കൊടുക്കുന്നുണ്ടു്. ഇപ്പോഴുള്ള കൊച്ചിയിലെ

LIBRARY ARCHIVES Kerala Legislative Assembly

സിസ്റ്റം അത്ര തൃപ്തികരമായി നടക്കുന്നുണ്ടെന്നു് തോന്നുന്നില്ല. ആ സിസ്റ്റം അവിടെ വേണമൊ എന്നു് ആലോചിച്ചുകൊണ്ടിരിക്കയാണു്.

ശ്രീ. അലക്സാണ്ടർ വാകയിൽ : കൊല്ലം തോപ്പ് ൪൪,൦൦൦ രൂപാ ചിലവു ചെയ്യുന്നതും ൪൦ ബെഡുള്ളതുമായ മഞ്ഞുമ്മേൽ ഡിസ്പെൻസറിയ്ക്കു് കൂടുതൽ ഗ്രാൻറ നൽകണമെന്നുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : ഉണ്ടു്.

ശ്രീ. അലക്സാണ്ടർ വാകയിൽ : അതിനെപ്പറ്റി എന്തു് നടപടിയാണു് എടുത്തിരിക്കുന്നതു്?

ശ്രീ. എ. ജെ. ജാൺ : അതിനെപ്പറ്റി അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. എൻ. പി. വറുഗീസു് : ഡിസ്പെൻസറി സംബന്ധിച്ചു് എന്തെങ്കിലും ഒരു സ്കീം സർജൻ ജനറൽ ഗവണ്മെണ്ടിൽ സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : അതു സംബന്ധിച്ചു് അന്വേഷിച്ചു റിപ്പോർട്ട ചെയ്യുന്നതിനു് ഒരു കമ്മറ്റിയെ നിയമിച്ചിട്ടുണ്ടു് ചില സ്ഥലങ്ങളിലെല്ലാം അന്വേഷണം നടത്തി ഒരു ഇൻറിം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടു്. പൂർണ്ണമായ റിപ്പോർട്ട് വന്നതിനുശേഷം അതിനെപ്പറ്റി ആലോചിക്കുന്നതാണു്.

ശ്രീ. കെ. ആർ. ഇലങ്കത്തു് : ഗ്രാൻറ-ഇൻ-എയിഡു് ഡിസ്പെൻസറികൾ സൗജന്യമായി മരുന്നു കൊടുക്കണമെന്നു് വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : മിക്കവാറും സാധുക്കൾക്കു് സൗജന്യമായിട്ടാണു് ആ ഡിസ്പെൻസറികളിൽനിന്നും മരുന്നു കൊടുക്കുന്നതു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ഗ്രാൻറ നൽകുന്നതിൽ ഹോമിയോഡിസ്പെൻസറികൾ ഉൾപ്പെടുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ : തിരുവിതാംകൂറിൽ ഇല്ല. കൊച്ചിയിൽ ഒരു ആശുപത്രി ഉൾപ്പെടുന്നുണ്ടു്.

ശ്രീ. സി. സി. പ്രസാദ് : കൊച്ചിയിലുള്ള ആശുപത്രികളും ഡിസ്പെൻസറികളുമെല്ലാം പ്രവർത്തിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ : പ്രവർത്തിക്കുന്നുണ്ടു്.

ശ്രീ. സി. സി. പ്രസാദ് : ശരിയായി പ്രവർത്തിക്കുന്നില്ലെന്നുള്ള പരാതികൾ വല്ലതും കിട്ടിയിട്ടുണ്ടോ?

ശ്രീ എ. ജെ. ജാൺ : ഇല്ല.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ആലപ്പുഴ ആശുപത്രിയുടെ ഗ്രേഡു് കുറച്ചാൽ അവിടെയുള്ള എക്യൂപ്പ്മെൻറ്സ് പലതും ഗ്രേഡു കൂടുന്ന ആശുപത്രികളിലേക്കു് മാറ്റുകയില്ലേ?

ശ്രീ. എ. ജെ. ജാൺ: പുതിയ റീ ഓർഗനൈസേഷൻ അനുസരിച്ചു് നാലു് ഡിസ്ട്രിക്ടു് ആശുപത്രികൾ വേണമെന്നാണു് തീരുമാനിച്ചിരിക്കുന്നതു്. അതായതു് തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം. ബാക്കിയുള്ള ആശുപത്രികളെല്ലാം ഗവണ്മെണ്ടാശുപത്രികളായിത്തന്നെ ഇരിക്കുന്നതാണു്. അങ്ങിനെയുള്ള ആശുപത്രികളിലെ ഡോക്ടറന്മാരെ കുറയ്ക്കണമെന്നോ എക്യൂപ്മെൻറ്സ് മാറ്റണമെന്നൊ അല്ലാ തീരുമാനിച്ചിട്ടുള്ളതു്. ഡിസ്ട്രിക്ട് എന്നുള്ള പേരു് ഇല്ലാതെ വരുന്നതുകൊണ്ടു് ഒരു ദോഷവും വരാൻ പോകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അബ്ദുൽ മജീദ്: കൊച്ചിയിൽ ഒരു ഓന്താശുപത്രിയുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഉണ്ട്.

ശ്രീ. കെ. ആർ. ഇലങ്കത്ത്: വിളവങ്കോട് താലൂക്കിൽ ഒരു ഡിസ്പെൻസറി വളരെ ആവശ്യമാണെന്ന ഗവൺമെന്റിനറിയാമോ?

ശ്രീ. എ. ജെ. ജോൺ: അവിടെ ഡിസ്പെൻസറി ആവശ്യമാണ്. അതിലേക്ക് അവിടെ ജനങ്ങൾ ഒരു കൊട്ടിടം കെട്ടിത്തരുന്നപക്ഷം ഡിസ്പെൻസറി അനുവദിക്കുന്ന കാര്യം ആലോചിക്കാം.

ശ്രീ. വി. ഗംഗാധരൻനായർ: കൊല്ലത്ത് ഒരു എക്സ്റേ സ്ഥാപിക്കുന്നതിനുള്ള ആലോചന ഏതുപ്രകാരത്തിലിരിക്കുന്നു?

ശ്രീ. എ. ജെ. ജോൺ: അതിലേക്ക് ആവശ്യമായ നടപടികൾ നടത്തിവരുന്നു.

ലാൻഡ് കമ്മിറ്റി

*൩൪൦. (൨൨) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) എന്നാണ് ലാൻഡുകമ്മിറ്റി സംഘടിപ്പിച്ചത്;

(ബി) നാളിതുവരെ എത്തെല്ലാം സ്ഥലങ്ങളിൽ എത്ര കമ്മിറ്റിയോഗങ്ങൾ ചേർന്നിട്ടുണ്ട്;

(സി) അംഗങ്ങളുടെ സഞ്ചാരച്ചെലവ് മുതലായി ഈ കമ്മറ്റിയുടെ പ്രവർത്തനത്തിന് എത്ര സംഖ്യ ചിലവായിട്ടുണ്ട്;

(ഡി) ഈ കമ്മിറ്റി അതിന്റെ റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിച്ചു കഴിഞ്ഞോ;

(ഇ) ഒരു വ്യക്തിയുടെ ഉടമയിൽ പരമാവധി എത്ര ഏക്കർ സ്ഥലം ഉണ്ടായിരിക്കാമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്;

(എഫ്) ഈ റിപ്പോർട്ട് എന്നാണ് നിയമസഭയുടെ ചർച്ചയ്ക്കു വിധേയമാക്കുവാൻ പോകുന്നത്?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി: (ശ്രീ. എ. ജെ. ജോൺ):

(എ) ലാൻഡ് കമ്മിറ്റി സംഘടിപ്പിച്ചത് ഫെബ്രുവരി സെപ്റ്റംബർ മാസം.

(ബി) നാളിതുവരെ തിരുവനന്തപുരത്ത് മൂന്ന്, എറണാകുളത്ത് പതിനൊന്ന്, തൃശ്ശൂർ നാല്. കൂടാതെ വാഗ്മുലമായ തെളിവുകൾ രേഖപ്പെടുത്തുന്നതിനായി സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിലായും കൂടിയിട്ടുണ്ട്. ആ സ്ഥലങ്ങളുടെ ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട്.

(സി) കമ്മിറ്റിയുടെ പ്രവർത്തനത്തിനായി പതിനേഴായിരത്തി ഒരുനൂറ്റി അമ്പത്തഞ്ചു രൂപാ ചെലവായിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഇപ്പോൾ പറയാൻ നിവർത്തിയില്ല.

List referred to in answer to Part (b)

Places visited by the Land Committee for recording oral evidence

1.	3	days in	Trichur
2.	2	,,	Alwaye

LIBRARY ARCHIVES Kerala Legislative Assembly